# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 4295      21.07.2015 ൽ മറുപടിക്ക്

### ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. റ്റി. ജോർജ്ജ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. ലൂഡി ലൂയിസ് : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സാമൂഹ്യ നീതി വകുപ്പ് "ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ" പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സമൂഹത്തിൽ സർക്കാർ, സർക്കാർ ഇതര മേഖലയിൽ കുട്ടികളുടെ വ്യക്തിവികാസത്തിനും സംരക്ഷണത്തിനും വേണ്ടി നിലകൊള്ളുന്ന വിവിധ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനത്തിന്റെ ഏകോപനത്തിന് സാഹചര്യമൊരുക്കുക.<br>2) കുട്ടികളോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിൽ രക്ഷിതാക്കളെയും അദ്ധ്യാപകരേയും സമൂഹത്തേയും പ്രാപ്തരാക്കുന്നതിനും ബോധവത്കരിക്കുന്നതിനും ആവശ്യമായ നേതൃത്വം നൽകുക.<br>3) അനാരോഗ്യകരമായ സ്വഭാവ ദൂഷ്യങ്ങളിലേയ്ക്ക് നയിക്കാവുന്ന സാഹചര്യങ്ങളിൽ നിന്നും കുട്ടികളെ ഫലപ്രദമായി സംരക്ഷിക്കുക.<br>4) ആശാസ്യകരമല്ലാത്ത സ്വഭാവ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുള്ള കുട്ടികളെ കണ്ടെത്തി അവരെ കൗൺസിലിംഗ്, മെന്ററിംഗ്, വിദഗ്ധ പരിചരണം, സർഗ്ഗാത്മകവും ഗുണകരവുമായ പ്രവർത്തിയിലേയ്ക്കുള്ള തിരിച്ചുവിടൽ എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക. |
| (സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്? | (സി) സാമൂഹ്യനീതി വകുപ്പിന്റെ അഡീഷ- ണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, വിദ്യാഭ്യാസം, ആരോഗ്യം, പോലീസ് |

എന്നീ വകുപ്പുകളുടെ തലവന്മാർ അംഗങ്ങളുമായിരിക്കുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഒ. ആർ. സി പദ്ധതിയുടെ സംസ്ഥാനതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയും,ഡയറക്ടറും ഒ. ആർ. സി പ്രവർത്തനത്തിന്റെ ദൈനംദിന പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്നു. ഒ. ആർ. സി സ്റ്റേറ്റ് നോഡൽ ഓഫീസർക്കാണ് പദ്ധതിയുടെ നടത്തിപ്പിന്റെ മേൽനോട്ടം. സ്റ്റേറ്റ് നോഡൽ ഓഫീസറെ സഹായിക്കാനായി അഡീഷണൽ നോഡൽ ഓഫീസർമാരേയും ഒ. ആർ. സി സ്റ്റേറ്റ് കോ-ഓർഡിനേറ്ററേയും, സ്റ്റേറ്റ് റിസോഴ്സ് പേഴ്സണെയും നിയോഗിച്ചിട്ടുണ്ട്. പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സമൂഹത്തിൽ ജീവിതത്തിന്റെ നാനാ തുറകളിലും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ പ്രമുഖ വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒ. ആർ. സി സ്റ്റേറ്റ് ആക്ഷൻ ഗ്രൂപ്പിന് രൂപം നൽകിയിട്ടുണ്ട്.

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കുട്ടികളുടെ വ്യക്തിവികാസത്തിനും സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുന്ന എല്ലാ സർക്കാർ, സർക്കാരിതര പ്രസ്ഥാനങ്ങളുടെയും ജില്ലാതല ഉദ്യോഗസ്ഥരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ജില്ലാ തലത്തിൽ ഒ. ആർ. സി പദ്ധതിയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, ഒ. ആർ. സി ജില്ലാ കോ- ഓർഡിനേറ്റർ, ഒ. ആർ. സി വർക്കിംഗ് ഗ്രൂപ്പ് മെമ്പേഴ്സ് എന്നിവർ ഒ. ആർ. സി പ്രവർത്തനത്തെ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതി-നായി പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ.